# പതിനാലാം കേരള നിയമസഭ

## 9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2836

06.02.2018-ൽ
മറുപടിയ്ക്ക്

## വനിതാ സിവിൽ എക്സൈസ് ആഫീസർ തസ്തിക

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.യു.ആർ.പ്രദീപ് : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | വനിതാ സിവിൽ എക്സൈസ് ആഫീസർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്; ഇതിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ട്; സിവിൽ എക്സൈസ് ആഫീസർ തസ്തികയുടെ എത്ര ശതമാനമാണ് വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ ; | (എ) | വനിതാസിവിൽ എക്സൈസ് ഓഫീസർമാരുടെ 561 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 91 എണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ട്. സിവിൽ എക്സൈസ് ഓഫീസർ തസ്തികകളുടെ 10%ആണ് വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ളത്. |
| (ബി) | സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും കഞ്ചാവ് ഉടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്നു എന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ കൂടുതൽ വനിതാ സിവിൽ എക്സൈസ് ആഫീസർ തസ്തികകൾ സൃഷ്ടിച്ച് സ്കൂളുകൾ, കോളേജുകൾ, വീടുകൾ എന്നിവ കേന്ദ്രീകരിച്ച് വ്യാപകമായ ബോധവൽക്കരണം സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി)യും (സി)യും | ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിലേക്കായി സംസ്ഥാനത്തെ എക്സൈസ് വകുപ്പിൽ 2017-ൽ 138 വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾപ്രവർത്തിച്ചുവരുന്നു. ഇവയുടെ ആഭിമുഖ്യത്തിൽ, നിരവധി പരിപാടികൾ ബോധവൽക്കരണത്തിനായി സംഘടിപ്പിച്ച് വരുന്നു. |
| (സി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

കുടുംബശ്രീ വഴിയും മറ്റ്
സംവിധാനങ്ങൾ വഴിയും
പൊതുജനങ്ങൾക്കിടയിലും
ബോധവത്ക്കരണം
നടത്തിവരുന്നു. ഈ
പ്രവർത്തനങ്ങൾക്കാവശ്യമായ
ഫണ്ടും നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.